പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 940 — 12.12.2012-ൽ മറുപടിക്ക്

## അന്യ സംസ്ഥാന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളി ളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചിക്കുമോ;<br><br>(സി) എന്തെല്ലാം ആനുകൂല്യ ങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ നൽകുവാനുദ്ദേശി ക്കുന്നത്; | (ബി) യും (സി) യും — ഇപ്പോൾതന്നെ നിലവിലുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളി കൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളി യുടെ ഭൗതിക ശരീരം നാട്ടിലെത്തി ക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാന്റ്, 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. |
| (ഡി) ഇത് സംബന്ധിച്ച് വൻകിട കെട്ടിട നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) ഇല്ല. |

സെക്ഷൻ ആഫീസർ.